**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5351** **15-03-2023 - ൽ മറുപടിയ്ക്ക്**

**പഠനയാത്ര സംഘത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇസ്രായേൽ കൃഷി രീതിയെക്കുറിച്ച് പഠിക്കുന്നതിനായി സംസ്ഥാനത്ത് നിന്നും അയച്ച പ്രതിനിധി സംഘത്തിൽപ്പെട്ട ഒരാൾ യാത്ര സംഘത്തെ അറിയിക്കാതെ പോയ സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഇസ്രയേൽ കൃഷി രീതികളെക്കുറിച്ച് പഠിക്കുന്നതിനായി കേരളത്തിൽ നിന്നും ഇസ്രായേലിലേയ്ക്ക് പഠന യാത്ര നടത്തിയ കർഷക പ്രതിനിധി സംഘത്തിലുൾപ്പെട്ടിരുന്ന കർഷകന്റെ തിരോധാനം സംബന്ധിച്ച് ഇസ്രായേൽ കോൺസുലേറ്റ് ജനറൽ, ബാംഗ്ലൂർ, ഇസ്രായേലിലെ ഇൻഡ്യൻ എംബസി/സ്റ്റേറ്റ് പോലീസ് ചീഫ്, കേരള എന്നിവരെ യഥാസമയം വിവരം അറിയിക്കുകയും ടിയാളെ കണ്ടെത്തി നാട്ടിൽ തിരിച്ചെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇസ്രയേൽ അധികൃതരോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. കൂടാതെ, ടിയാളെ സംഘത്തിൽ ഉൾപ്പെടുത്തിയത് നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കും നടപടിക്രമങ്ങൾക്കും അനുസൃതമായിട്ടായിരുന്നോ എന്നത് പരിശോധിക്കുവാൻ കണ്ണൂർ, കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് പരിശോധന നടത്തുകയും ചെയ്തിരുന്നു. |
| (ബി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ ഔദ്യോഗിക സംഘത്തിൽ ഉൾപ്പെടുത്തുന്നതിനായി ആളുകളെ തെരഞ്ഞെടുക്കുമ്പോൾ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കർഷക പഠനയാത്രാസംഘത്തിൽ ഉൾപ്പെടുന്നവർ നിർദ്ദിഷ്ട യാത്രയുടെ ഉദ്ദേശലക്ഷ്യങ്ങൾ പാലിക്കേണ്ടതാണെന്നും വിദേശ യാത്രയുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം വിസ റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശനമായ നിയമ നടപടികൾ നേരിടേണ്ടിവരുന്നതാണെന്ന് ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിന്റെ ആനുകൂല്യങ്ങളൊന്നും ലഭ്യമാക്കുന്നതല്ലെന്നും ഉറപ്പുവരുത്തുന്നതുമാണ്. |
| (സി) | ഔദ്യോഗിക സംഘത്തിൽ ആളുകളെ ഉൾപ്പെടുത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | നിലവിൽ താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായാണ് കർഷകരെ തെരെഞ്ഞെടുക്കുന്നത്. |

| | | | | |
|---|---|---|---|---|
| | | | | • കർഷകർ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ ആയിരിക്കണം.<br>• 0.4 ഹെക്ടറോ അതിന് മുകളിലോ കൃഷിഭൂമി ഉള്ളവർ ആയിരിക്കണം:<br>• കാർഷികവൃത്തിയിലെ പരിചയം (10 മുതൽ 30 വർഷം)<br>• കൃഷിയിൽ നിന്നുള്ള പ്രതിവർഷ വരുമാനം (2 ലക്ഷം മുതൽ 10 ലക്ഷം രൂപ വരെ)<br>• വിള വൈവിധ്യം / വിദേശ വിളകൾ നാട്ടിൽ കൃഷി ചെയ്യുന്നവർക്ക് മുൻഗണന<br>• പത്താം ക്ലാസ് പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയോടൊപ്പം ഇംഗ്ലീഷിൽ സംസാരിക്കാനും എഴുതാനുമുള്ള പ്രാഥമിക ജ്ഞാനം.<br>• 50 വയസ്സിന് താഴെയുള്ള കർഷകൻ<br>• കർഷക ഉല്പാദക സംഘത്തിലെ (FPO) അംഗത്വത്തിന് മുൻഗണന.<br>• വരുമാന നികുതിയടയ്ക്കുന്നവർക്ക് മുൻഗണന<br>• ലിംഗനീതി ഉറപ്പ് വരുത്തുന്നതിനായി സംഘത്തിൽ 2 - 4 വരെ വനിതാ കർഷകർ<br>• സാധുതയുള്ള പാസ്പോർട്ട് കൈവശമുള്ള കർഷകൻ<br>• അത്യാധുനിക കൃഷിരീതികളിൽ താത്പര്യമുള്ളവരും നൂതനാശയങ്ങൾ കൈമുതലായിട്ടുള്ളവരുമായ കർഷകർ.<br>• വിമാന യാത്ര കൂലി നല്കാൻ തയ്യാറാകുന്നവർക്ക് മുൻഗണന<br>• നൂതനമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനും സാങ്കേതികവിദ്യാകൈമാറ്റത്തിനും തയ്യാറായിട്ടുള്ളവർ.<br>• ബന്ധപ്പെട്ട കൃഷി ഓഫീസർ മാനദണ്ഡങ്ങൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖ<br>• സന്ദർശന റിപ്പോർട്ട് കർഷകർ ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.<br>• സന്ദർശിക്കുന്ന പ്രദേശം / രാജ്യം എന്നിവയുടെ പ്രത്യേകതകൾക്കനുസരിച്ചും ഉൾക്കൊള്ളിക്കേണ്ട കർഷകരുടെ മേഖലകൾക്കനുസരിച്ചും മേൽ മാനദണ്ഡങ്ങൾക്ക് ആവശ്യമായ മാറ്റം വരുത്തിയായിരിക്കും തുടർന്നുള്ള സന്ദർശനം ആസൂത്രണം ചെയ്യുക. |

സെക്ഷൻ ഓഫീസർ